"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ പ്രവർത്തന കാലാവധി 2022 മാർച്ച് 28-ന് അവസാനിക്കുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.863/2022/LSGD തിരുവനന്തപുരം, തീയതി: 06-04-2022

---

പരാമർശം:- 1 10/01/2022-ലെ സ.ഉ.(കൈ) നം.3/2022/ത.സ്വ.ഭ.വ

2 ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സെക്രട്ടറിയുടെ 26/03/2022-ലെ LGC/7/2017-നം കത്ത്

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം ദീർഘിപ്പിച്ച നൽകിയ ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ പ്രവർത്തന കലാവധി 2022 മാർച്ച് 28-ന് അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ ഓഫീസിന്റെ ഭാഗമായുള്ള ഫയലുകൾ, ഫർണീച്ചറുകൾ തുടങ്ങിയ സ്ഥാവര ജംഗമ വസ്തുക്കൾ പ്രിൻസിപ്പൽ ഡയറക്ടർക്ക് സമയബന്ധിതമായി കൈമാറുന്നതിനും കൈമാറ്റ മഹസ്സർ തയ്യാറാക്കി പകർപ്പ് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും കമ്മിഷന്റെ സെക്രട്ടറിയായി പ്രവർത്തിച്ച വരുന്ന പഞ്ചായത്ത് ജോയിന്റ് ഡയറക്ടറെ (ഭരണം) ചുമതലപ്പെടുത്തുന്നു.

2. മേൽപ്പറഞ്ഞ പ്രകാരം ഫയലുകൾ കൈമാറുമ്പോൾ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിലവിൽ ഇ-ഓഫീസ് സംവിധാനം ഇല്ലാത്തതിനാൽ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള വിവിധ റിപ്പോർട്ടുകൾ, പഠനങ്ങൾ തുടങ്ങിയവയുടെ സോഫ്റ്റ് കോപ്പി/ഡിജിറ്റൽ കോപ്പി അവയുടെ പട്ടിക സഹിതം പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറേണ്ടതാണ്.

3. മേൽപ്രകാരം സെക്രട്ടറി കൈമാറുന്ന രേഖകൾ ഇ-ഓഫീസ് ഫയലിന്റെ ഭാഗമാക്കി മാറ്റി സൂക്ഷിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

4. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഉപയോഗിച്ച വന്നിരുന്ന സ്ഥലസൗകര്യം ഏറ്റെടുത്ത് ഉചിതമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനായി സ്വരാജ് ഭവന്റെ എസ്റ്റേറ്റ് ഓഫീസറായ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

5. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഉപയോഗിച്ച വന്നിരുന്ന ബി.എസ്.എൻ.എൽ ലാൻഡ് ലൈനും ഇന്റർനെറ്റ് കണക്ഷനും റദ്ദ ചെയ്യുന്നതിനുള്ള നടപടികൾ കമ്മീഷൻ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJEEVAN A P

ഡെപ്യൂട്ടിസെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

4.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sindhu.p.g.**
**Date: 06-04-2022 09:59:57**

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.തദ്ദേശ സ്വയംഭരണം-എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്